

# ടി.കെ. പത്മിനി  ഒരനുസ്മരണം

ഇടശ്ശേരി

ചിത്രകലയ്ക്കും കേരളത്തിനും നികത്താനാവാത്ത ഒരു നഷ്ടമാണ് ടി.കെ. പത്മിനിയുടെ അകാലചരമം. 1940 മെയ് രണ്ടാം തിയ്യതി പൊന്നാനി താലൂക്കിൽ കാലടി അംശത്തിലുള്ള തൊഴുക്കാട്ട് കാടഞ്ചീരിത്തറവാട്ടിൽ അവൾ ജനിച്ചു. അവിടെവെച്ചുതന്നെ 1969 മെയ്ക്ക് പതിനൊന്നാം തിയ്യതി അവളുടെ പിറന്നാൾ ദിവസം തന്നെ അവൾ നമ്മെ വിട്ടുപിരിയുകയും ചെയ്തു. മൂന്നു ദശകം തികഞ്ഞില്ല, വാസനാനുഗൃഹീതയായ ആ കലോപാസികയ്ക്ക് രേഖകളുടെയും വർണങ്ങളുടെയുമായ മായാലോകത്തിൽ എന്നും മായാത്ത സ്വന്തം വ്യക്തിമുദ്ര പതിക്കാൻ കഴിഞ്ഞു.

മറ്റൊരു ചിത്രകാരനായ കെ. ദാമോദരനാണ് (തലശ്ശേരി) അവളെ വിവാഹം കഴിച്ചത്. അത് 1968 മെയ് മാസത്തിലായിരുന്നു. വിവാഹാനന്തരം ഒരിക്കൽ അവർ രണ്ടാളും ഞങ്ങളുടെ അതിഥികളായി വീട്ടിൽ വരികയുണ്ടായി. വരൻ ശാന്തനും മിതഭാഷിയുമാണ്. പ്രായാനുസാരമല്ലാത്ത പരിപക്വത ആ മുഖത്തുണ്ടായിരുന്നു. അദ്ദേഹത്തോടൊപ്പം ഞങ്ങളുടെ വാത്സല്യഭാജനമായ അവളെ കണ്ടപ്പോൾ ചിരകാലത്തെ ഒരഭിലാഷം സാധിച്ച സന്തോഷം മാത്രമല്ല, കലാമാത്രജീവിയായ ആ കുട്ടിയെ സംബന്ധിച്ചിടത്തോളം അവളുടെ ദാമ്പത്യജീവിതം ഭദ്രമായെന്നു ഒരു സമാധാനംകൂടി തോന്നി. പങ്കാളികൾ പരസ്പരം ഗുണം അറിയാൻ കെൽപ്പുള്ളവരാകുമ്പോൾ വൈവാഹികജീവിതം സുഖകരമാകുമല്ലോ.

1956–ൽ അവളുടെ സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയായി. ഏതാണ്ട് രണ്ടു കൊല്ലത്തിനു ശേഷം ഏ.വി. ഹൈസ്കൂളിലെ ചിത്രകലാധ്യാപകനായിരുന്ന കെ.എൽ. ദേവസ്സിയുടെ കീഴിൽ പരിശീലനത്തിനുവേണ്ടി അവൾ കുറച്ചുകാലം ഞങ്ങളുടെ വീട്ടിൽ താമസിക്കുകയുണ്ടായി. പുത്രീനിർവിശേഷമായ വാത്സല്യത്തോടെയാണ് ഞങ്ങളവളെ സ്വീകരിച്ചത്. ആ കൗമാരത്തിൽ ധാരാളം തലമുടിയും സുവിശാല നേത്രങ്ങളും അലിയിക്കുന്ന പുഞ്ചിരിയുമായി അവൾ കയറി വന്നപ്പോൾ ഗൃഹാന്തരീക്ഷം കുറേക്കൂടി വെളിച്ചം വെച്ചതായി തോന്നി. വിനീതവും സ്നേഹപൂർണവുമായ അവളുടെ പെരുമാറ്റം ഇന്നും ഒരു മധുരസ്മരണയായി അവശേഷിക്കുന്നു. ഞങ്ങളുടെ കുട്ടികൾ വളരെ വേഗം അവളോട് ഇണങ്ങിച്ചേർന്നു. അവർ അവളെ പത്മിനിയേട്ടത്തിയെന്നു വിളിച്ചു. സ്നേഹത്തെക്കാളധികം ആദരവുണ്ടാക്കുന്നതായിരുന്നു അവളുടെ പെരുമാറ്റം. സ്വപ്നം കാണുന്ന ആ കണ്ണുകൾ ഒട്ടും ശാസിക്കുന്നവയായിരുന്നില്ല. എങ്കിലും ഉപാസിക്കുന്ന കലാവിദ്യയോടുള്ള മനോഭാവം സഗൗരവമായിരുന്നതുകൊണ്ട് അവളുടെ പണിപ്പുരയിലേക്ക് ഓടിച്ചാടിച്ചെല്ലാനോ വൃഥാലാപം കൊണ്ട് അവളെ വിഷമിപ്പിക്കാനോ കുട്ടികൾ മുതിർന്നില്ല.  അതൊരത്ഭുതമായിരുന്നു.

മറ്റൊരു തരത്തിലും അവരുടെ ആരാധനാമനോഭാവം വളർന്നിരിക്കണം. വളരെക്കുറച്ചു സമയം കൊണ്ട് പത്മിനി അവരുടെ പെൻസിൽ സ്കെച്ചുകൾ വരയ്ക്കും. ആ വരകളാകട്ടെ, ഛായയും ജീവസ്സും തികഞ്ഞവയായിരുന്നു. ആ പ്രതിഭാവിലാസത്തിനു മുമ്പിൽ ബഹുമാനപുരസ്സരമേ പെരുമാറാവൂ എന്ന ബോധം ആ ബാലഹൃദയങ്ങളിൽ താനേ ഉദിച്ചിരിക്കണം.

കലാവിദ്യയോട് ആത്മാർഥതയുണ്ടാവുക എന്നതിന്റെ മുഴുവൻ അർഥവും ഞാൻ ഈ ബാലികയിൽ നിന്നാണ് മനസ്സിലാക്കിയത്. പിന്നീടൊരിക്കൽ ‘കവിതയും സവിതയും’ എന്ന ഒരു ഹിന്ദി കവിത വായിക്കാനിടയായി. ആ കവിത പത്മിനിയെ ഓർമിപ്പിച്ചു. കവിത കവിയോട് പറകയാണ്. ‘താങ്കൾ മാനധനാഗ്രണിയായ ഒരു ഗൃഹസ്ഥനും നല്ലൊരു പൗരനുമാകാനാഗ്രഹിക്കുന്നു. നല്ലത്. പക്ഷേ, കവിതേതരചര്യകളിൽ വ്യാപരിക്കുന്ന താങ്കൾ കവിതയെ വഞ്ചിക്കുകയാണ്. കവിയും കവിതയുമാകുന്ന ക്രൗഞ്ചയുഗത്തെ വേർപിരിക്കുന്ന വ്യാധശരമാണ് കാര്യാന്തരവ്യാപാരബുദ്ധി.’

ഈ അഭിപ്രായം കവനകലയ്ക്കെന്നപോലെ ചിത്രകലയ്ക്കും ബാധകമാണ്. ആ പ്രായത്തിൽ അബോധപൂർവമായിട്ടെങ്കിലും ഈ അഭിപ്രായം അവളിൽ അങ്കുരിച്ചപോലെ തോന്നും.

എനിക്കു തോന്നുന്നു; കേരളീയർക്ക് സാഹിത്യംപോലെ പരിചിതമല്ല ചിത്രകലയെന്ന്. അഭിമതമല്ല എന്നു പറയുകയാവും ശരി. അക്ഷരാഭ്യാസം സാർവത്രികമായതോടെ സാഹിത്യത്തിന് വിപണനസാധ്യത വർധിച്ചിട്ടുണ്ട്. അതുകൊണ്ട് ഒരു കുട്ടി സാഹിത്യരചനയ്ക്കൊരുങ്ങുമ്പോൾ പണ്ടത്തെപ്പോലെ രക്ഷിതാക്കന്മാർ അയാളെ ശാസിക്കാറില്ല. ചിത്രം വരയ്ക്കൽ അങ്ങനെയല്ല. മുതിർന്നവരുടെ കണ്ണിൽ അതിപ്പോഴും സമയം കൊല്ലിയായ പാഴ്‌വേലയാണ്. ആർട്ടിനോടുള്ള ബഹുമാനംകൊണ്ടല്ല പണ്ടുമിവിടെ ബി.എ.ക്കാരൻ ബഹുമാന്യനായത്. ഉദ്യോഗസാധ്യതയ്ക്ക്

ടി.കെ. പത്മിനി
ഒരനുസ്മരണം
ഇടശ്ശേരി





ഉപകരിക്കുമെന്നുള്ളതുകൊണ്ടാണ്. ചിത്രം വരച്ചാൽ നാലുകാശ് കുടുംബത്തേയ്ക്ക് കൊണ്ടുവരുമെന്നുള്ളതിന് പരിചിതമായ ഉദാഹരണങ്ങളില്ല. ഇതിവിടെ പറയാൻ കാരണം പത്മിനിയിൽ വളർന്നുവന്ന അദമ്യമായ കലാവാസന അവളുടെതായ ചുറ്റുപാടിൽ അത്രയ്ക്കൊന്നും അഭിനന്ദിക്കപ്പെട്ടിരുന്നില്ല എന്ന വസ്തുത സൂചിപ്പിക്കാനാണ്. പക്ഷേ, ഒരനുഗ്രഹമുണ്ടായി. അവളുടെ അമ്മാമൻ ടി.കെ. ദിവാകരൻ, പുതിയ വെളിച്ചം കണ്ടിട്ടുള്ള ആ മനുഷ്യൻ തന്റെ കൊച്ചുമരുമകളെ വേണ്ടതുപോലെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്തു. അദ്ദേഹമാണ് പത്മിനിയെ മദിരാശിയിലുള്ള ആർട്സ് ആന്റ് ക്രാഫ്ട്സ് കോളേജിലേക്ക് അയച്ചതും അവിടുത്തെ പ്രിൻസിപ്പാളും ചിത്രകലയിൽ വിശ്വവിശ്രുതനുമായ കെ.സി.എസ്. പണിക്കരുടെ കീഴിൽ പരിശീലനം കിട്ടാൻ ഇടയാക്കിയതും. ഇടയ്ക്കെല്ലാം ആ വാത്സല്യനിധിയായ അമ്മാമൻ എനിക്കയച്ചിരുന്ന കത്തുകളിൽ ഒന്നിലെങ്കിലും മരുമകളുടെ വിജയത്തെക്കുറിച്ച് സാഹ്ലാദം സ്മരിക്കാതിരുന്നിട്ടില്ല.

1961-ൽ ആണ് ആ വിദ്യാർത്ഥിനി കോളേജിൽ ചേർന്നത്. 1963-64-ൽ ഏറ്റവും നല്ല ചിത്രരചനയ്ക്കുള്ള അക്കാദമി സർട്ടിഫിക്കറ്റുകൾ അവൾ കരസ്ഥമാക്കി. 1965-ൽ അസോസിയേഷൻ ഓഫ് യങ് പെയ്ന്റേഴ്സ് അവാർഡും 1967-ൽ മദിരാശി സ്റ്റേറ്റ് ലളിതകലാ അക്കാദമി അവാർഡും സമ്പാദിച്ചു. രണ്ടുതവണ ഇരട്ട പ്രമോഷൻ വാങ്ങി. ആറു കൊല്ലത്തെ കോഴ്സ് നാലുകൊല്ലം കൊണ്ട് പൂർത്തിയാക്കി.

ഇതിനിടയ്ക്ക് ദൽഹിയിലെ നാഷനൽ എക്സിബിഷൻ, ബോംബെയിലെ ആർട്സ് സൊസൈറ്റി എക്സിബിഷൻ എന്നിവയിൽ അവൾ വരച്ച ചിത്രങ്ങൾ പ്രദർശിപ്പിച്ചിരുന്നു. മദിരാശിയിൽ സംഘടിപ്പിച്ച സുപ്രധാനങ്ങളായ പല പ്രദർശനങ്ങളിലും പത്മിനിയുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കപ്പെട്ടു.

1967-ൽ മദിരാശിയിൽവെച്ച് ഞാൻ അവളെ കണ്ടു. തിരിച്ചു വീട്ടിലെത്തിയപ്പോൾ എന്റെ കുടുംബിനിയുടെ ജിജ്ഞാസാപൂർണങ്ങളായ നിരവധി ചോദ്യങ്ങളുടെ മുമ്പിൽ എനിക്ക് പരുങ്ങിനില്ക്കേണ്ടിവന്നു. കാരണം പത്മിനിയുടെ അടുക്കൽ ഞാൻ ഒരു ശ്രോതാവു മാത്രമായിരുന്നു. പല ചിത്രങ്ങളെക്കുറിച്ചും ചിത്രകാരന്മാരായ മഹാവ്യക്തികളെക്കുറിച്ചും അവൾ പറഞ്ഞു. അത്തരം കാര്യങ്ങൾ പിന്നേയും പറയാൻ ബാക്കി കിടന്നേയുള്ളൂ. ഇതിനിടയ്ക്ക് അവൾ എവിടെ താമസിക്കുന്നു എന്നുപോലും ചോദിച്ചറിയാൻ തരപ്പെട്ടില്ല. 'എങ്ങനെയുണ്ട്' എന്ന ചോദ്യത്തിന് 'നന്നായിരിക്കുന്നു' എന്നു പറഞ്ഞ് രക്ഷപ്പെട്ടു. ''ആൾ വലുതായോ?' ഉത്തരം പറയാൻ കഴിഞ്ഞില്ല. അവൾ പ്രായാനുസാരം പൊട്ടിത്തളിർക്കയും മഴവില്ലണിയുകയും ചെയ്തിട്ടുണ്ടാകാം. പക്ഷേ, ആ സ്വപ്നം കാണുന്ന കണ്ണുകൾ അവളുടെ മുഖഛായയ്ക്കുണ്ടാക്കിയ സവിശേഷത അതേപടി നിന്നിരുന്നു. അതു മാത്രമേ ഓർമയിൽ തങ്ങിനിന്നിരുന്നുള്ളൂ.

'ആൾ വലുതായോ?' എന്ന ചോദ്യം കൂടുതൽ അർത്ഥവത്തായിരിക്കാം. പക്ഷേ, ആ കലോപാസകജീവിതത്തെ ഗാർഹസ്ഥ്യവുമായി ബന്ധിപ്പിക്കുന്ന യാതൊന്നിനെക്കുറിച്ചും അവളുമായി സംസാരിക്കുന്ന ഒരാൾക്ക് ഓർക്കാനൊക്കില്ല.

ലളിതകലാ അക്കാദമി അവാർഡ് പത്മിനിക്കു കിട്ടി എന്നറിഞ്ഞപ്പോൾ ആ വർഷാരംഭത്തിൽ അവളിൽക്കണ്ട വാചാലമായ അത്യുത്സാഹം കുറച്ചുനേരം എന്നേയും പിടികൂടിയപോലെ തോന്നി. മമത്വം എന്തെല്ലാം മിഥ്യാഭിമാനങ്ങളെ സൃഷ്ടിച്ചുവിടുന്നു!

ആ തേജസ്സ് പൊലിഞ്ഞു. പെട്ടെന്ന്, ആദ്യത്തെ പ്രസവത്തിന് അവൾ അമ്മയുടെ അടുത്ത് എത്തിയെന്ന് കേട്ടിരുന്നു. പക്ഷേ, ഒന്നു കാണാൻ തരപ്പെട്ടില്ല. ആധുനികവൈദ്യശാസ്ത്രം ഇത്രയെല്ലാം വളർന്നിട്ടും വൈദ്യസഹായം നാട്ടിൻപുറങ്ങളിൽ ദുർല്ലഭമല്ലാതായിട്ടും മനുഷ്യജനനം മുൻകാലത്തെപ്പോലെത്തന്നെ രണ്ടുംകല്പിച്ച ചൂതാട്ടമായിരിക്കുന്നു. പലതവണ ആ കൊച്ചു ജീവിതത്തിലെ വിജയങ്ങളെക്കുറിച്ചയച്ച അതേ കൈപ്പടയിൽത്തന്നെ ഞങ്ങൾ ആ നിത്യദുഃഖവും നുകർന്നു. ഇതേ പ്രാർഥിക്കാനുണ്ടായിരുന്നുള്ളൂ. 'സ്നേഹനിധാനമായ ആ അമ്മാമന് ഇതും താങ്ങാനുള്ള കെല്പുണ്ടാകണേ' എന്ന്. അപൂർണമെങ്കിലും ആ കലോപാസികാജീവിതം അവളുടെ വിശിഷ്ടകലാസൃഷ്ടികളിൽ നിലനില്ക്കും. അവയെ യഥാവിധി സൂക്ഷിക്കാൻ സഹൃദയലോകം മുമ്പോട്ടുവരുമെന്നു തന്നെ ഞാൻ വിശ്വസിക്കുന്നു.

മാതൃഭൂമി ആഴ്ചപ്പതിപ്പ്, പു. 47, ല. 37. നവംബർ 30, 1969. പു. 31-4.